**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല – ചെമ്പൈ വൈദ്യനാഥഭാഗവതർ സംഗീതഭവൻ 15-ാം വാർഷിക സംഗീതോത്സവത്തിനും സംഗീതമണ്ഡപ നിർമ്മാണത്തിനും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3994/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 12/12/2017

---

പരാമർശം:- കണ്ണൂർ ചെമ്പൈ വൈദ്യനാഥഭാഗവതർ സംഗീതഭവൻ പ്രസിഡന്റിന്റെ 17/10/2017 ലെ കത്ത്.

**ഉത്തരവ്**

കണ്ണൂർ ചെമ്പൈ വൈദ്യനാഥ ഭാഗവതർ സംഗീതഭവന്റെ പ്രവർത്തനത്തിനും 15-ാം വാർഷിക ചെമ്പൈ സംഗീതോത്സവത്തിനും സംഗീതമണ്ഡപ നിർമ്മാണത്തിനുമായി മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിന്നും ധനസഹായം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കണ്ണൂർ ചെമ്പൈ വൈദ്യനാഥഭാഗവതർ സംഗീതഭവൻ പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ചെമ്പൈ വൈദ്യനാഥ ഭാഗവതർ സംഗീതഭവന്റെ പ്രവർത്തനത്തിനും 15-ാം വാർഷിക ചെമ്പൈ സംഗീതോത്സവത്തിനും സംഗീതമണ്ഡപ നിർമ്മാണത്തിനുമായി കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി 25,000/- (ഇരുപത്തി അയ്യായിരം) രൂപ വരെ നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രസിഡന്റ്, ചെമ്പൈ വൈദ്യനാഥഭാഗവതർ സംഗീതഭവൻ, ടെൽസ്റ്റാർ ബിൽഡിംഗ്, താന, കണ്ണൂർ-670012
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ